C.S(M) 09

Serial No. 113

D–DTN–J–NMA

# MALAYALAM
## Paper–I
**(Literature)**

*Time Allowed : Three Hours* | *Maximum Marks : 300*

## INSTRUCTIONS

*Candidates should attempt questions 1 and 5 which are compulsory, and any* ***THREE*** *of the remaining questions, selecting at least* ***ONE*** *question from each Section.*
*The number of marks carried by each question is indicated at the end of the question.*
*Answers must be written in* ***Malayalam.***

## SECTION A

1. താഴെ നൽകിയിട്ടുള്ള (a), (b), (c), (d) വിഭാഗങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും ഇരുനൂറ് വാക്കിൽ കവിയരുത്. ഓരോന്നിനും ഇരുപത് മാർക്കുവീതം :- 3×20=60

   (a) തമിഴ് - മലയാള ബന്ധത്തെപ്പറ്റി പണ്ഡിതന്മാർ ഉന്നയിച്ച വിഭിന്ന മതങ്ങൾ സൂചിപ്പിച്ച് സ്വാഭിപ്രായം വ്യക്തമാക്കുക.

(b) മലയാളഗദ്യത്തിന്റെ വളർച്ചയിലെ ഒരു സുപ്രധാന ഘട്ടത്തെയാണ് 'ഭാഷാ കൗടലീയം' പ്രതിനിധീകരിക്കുന്നത് - ചർച്ച ചെയ്യുക.

(c) നിരണം കൃതികളുടെ ഭാഷാപരമായ പ്രത്യേകതകൾ പരിഗണിച്ച് പാട്ടുപ്രസ്ഥാനത്തിൽ അവയുടെ സ്ഥാനം എന്തെന്ന് നിർണയിക്കുക.

(d) സമകാലീന മാധ്യമങ്ങളിലൂടെ അവതരിപ്പിക്കപ്പെടുന്ന ഭാഷാരീതി മലയാള ഭാഷയുടെ തനിമയെ വികലമാക്കുന്നുണ്ടോയെന്ന് പരിശോധിക്കുക.

2. കൃഷ്ണഗാഥയുടെ ഭാഷാപരമായ സവിശേഷതകൾ സോദാഹരണം വിശദമാക്കുക. 60

3. പുതിയ ഒരു കാവ്യഭാഷ രൂപപ്പെടുത്തുന്നതിന് എഴുത്തച്ഛൻ നൽകിയ സംഭാവനകൾ എന്തെല്ലാം ? 60

4. മലയാള ഗദ്യത്തിന്റെ വളർച്ചയിൽ ക്രൈസ്തവ മിഷനറിമാർ നൽകിയ സംഭാവനകളുടെ മൂല്യം നിർണയിക്കുക. 60

## SECTION B

5. താഴെ നൽകിയിട്ടുള്ള (a), (b), (c), (d) വിഭാഗങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഓരോ ഉത്തരവും ഇരുനൂറ് വാക്കിൽ കവിയരുത്. ഓരോന്നിനും ഇരുപതു മാർക്കുവീതം : 3×20=60

(a) 'ആശാൻ ആശയ ഗംഭീരൻ' - വിശദീകരിക്കുക.

(b) 'പുരോഗമന സാഹിത്യ പ്രസ്ഥാനം' എന്നാലെന്ത്? മലയാള നോവൽ സാഹിത്യത്തിന്റെ വളർച്ചയിൽ അതിനുള്ള സ്വാധീനത എത്രമാത്രം? പരിശോധിക്കുക.

(c) മലയാളത്തിൽ നാടകനിരൂപണം ഇതര നിരൂപണ ശാഖകളെപ്പോലെ ഫലപ്രദമായിട്ടുണ്ടോ? ചർച്ച ചെയ്യുക.

(d) 'ആധുനികത' (Modernity) എന്നതുകൊണ്ട് സാഹിത്യ ചർച്ചയിൽ എന്താണുദ്ദേശിക്കുന്നത്? മലയാള കവിതകളിൽനിന്ന് ഉദാഹരണം നൽകി വിവരിക്കുക.

6. നാടൻ പാട്ടുകൾക്ക് സാഹിത്യത്തിലുള്ള പ്രാധാന്യം, വടക്കൻ പാട്ടുകളെ ആസ്പദമാക്കി വിവരിക്കുക. 60

7. ചമ്പുക്കളെ ആദ്യകാല ചമ്പുക്കൾ, പിൽക്കാല ചമ്പുക്കൾ എന്ന് വേർതിരിച്ച് പറയുന്നതിനുള്ള കാരണങ്ങൾ സോദാഹരണം വിവരിക്കുക. 60

8. ആട്ടക്കഥ, ചമ്പു, തുള്ളൽ തുടങ്ങിയ പ്രസ്ഥാനങ്ങളെപ്പോലെയാണോ മലയാള കവിതാ സാഹിത്യത്തിൽ കിളിപ്പാട്ടിനുള്ള സ്ഥാനം ? ഉപന്യസിക്കുക.

60